പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.398 — 20.10.2016-ലെ മറുപടിക്ക്

# "മിച്ചഭൂമിയിലെ കയ്യേറ്റം"


ചോദ്യം

ശ്രീ. ഒ.ആർ.കേളു

ശ്രീ.ഡി.കെ.മുരളി

ശ്രീ.പി.ഉണ്ണി

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | സർക്കാർ ഏറ്റെടുത്ത മിച്ച ഭൂമിയിൽ പലയിടത്തും അനധികൃത കയ്യേറ്റം നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം സ്വീകരിച്ചു വരുന്നു.<br>ഭൂപരിധി ചട്ടം 26 പ്രകാരം ബന്ധപ്പെട്ട തഹസിൽദാർമാരെ അനധികൃത കയ്യേറ്റങ്ങളും മറ്റു തടസ്സങ്ങളും കണ്ടെത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ ചുമതല പ്പെടുത്തിയിട്ടുണ്ട്.<br>1957-ലെ ഭൂസംരക്ഷണ നിയമത്തിൽ പിഴയുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ ഉൾപ്പെടുത്തി 2009-ൽ കൊണ്ടുവന്ന ഭേദഗതി "The Kerala Land Conservancy (Amendment Act) 2009 (Act 29 of 2009)" വകുപ്പ് 7 പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതും ഭൂമി കയ്യേറിയ വ്യക്തിയ്ക്ക് 3 വർഷത്തിൽ കുറയാത്തതും 5 വർഷം വരെ ആകാവുന്നതുമായ തടവുശിക്ഷയും 50,000/- രൂപയിൽ കുറയാത്തതും 2 ലക്ഷം രൂപ വരെ ആകാവുന്നതുമായ പിഴയും ചുമത്താവുന്നതാണെന്നും നിഷ്കർഷിക്കുന്നു.<br>പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിയ്ക്കുന്നതിനും 27/05/2016-നു ശേഷം സർക്കാർ ഭൂമിയിൽ പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഒഴിപ്പിക്കാത്തപക്ഷം |

| | | | |
|---|---|---|---|
| | | | ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷണ നടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ടി നിർദ്ദേശം യഥാവിധി പാലിക്കുന്നതിലേയ്ക്കായും, സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും ഉണ്ടാകാതിരിക്കുന്നതിലേയ്ക്കായും, കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത സ്ഥലങ്ങൾ വീണ്ടും കയ്യേറ്റങ്ങളിൽപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കായും ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.<br>കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും മറ്റുമുള്ള കേസുകളിൽ യഥാസമയം കാര്യവിവര പത്രികയും മറ്റും നൽകികൊണ്ട് വേഗത്തിൽ കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**